Corrected ഭരണഭാഷ-മാതൃഭാഷ

നമ്പർ: 3/2026/ഡി.ഐ.ഒ-ഐ.ഡി.കെ

ജില്ലാ ഇൻഫർമേഷൻ ഓഫീസ്,
സിവിൽ സ്റ്റേഷൻ ഇടുക്കി
ഫോൺ: 0486 2233036
ഇ മെയിൽ: dio.idk@gmail.com
തീയതി: 31/1/2026

# നോട്ടീസ്

## ഹ്രസ്വവീഡിയോ നിർമ്മാണം, പ്രചാരണം: താൽപര്യപത്രവും പ്രൊപ്പോസലും ക്ഷണിക്കുന്നു

(സൂചന: ബഹു ഡയറക്ടറുടെ 24/1/2026-ലെ ഇ2/7/2026/ഐപിആർഡി ഉത്തരവ്.)

സംസ്ഥാനസർക്കാരിന്റെ ഇടുക്കി ജില്ലയിലെ വികസന- ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യത്യസ്തവും നൂതനവുമായ ആശയങ്ങൾ അടിസ്ഥാനമാക്കി റീൽസ് - ഷോർട്സ് ഉൾപ്പെടെയുള്ള ഹ്രസ്വ വീഡിയോകൾ (മൾട്ടി കളർ) നിർമ്മിക്കാനും അവ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാനും താൽപര്യമുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് ഏജൻസികൾ, വ്‌ളോഗർമാര്/ഇൻഫ്ലുവൻസേഴ്സ്, ഡിജിറ്റൽ മീഡിയ ഏജൻസികള്/സ്ഥാപനങ്ങൾ/കമ്പനികൾ, വിഡീയോ പ്രൊഡക്ഷൻ സ്ഥാപനങ്ങള്, സ്റ്റുഡിയോകൾ, വീഡിയോ ഗ്രാഫർമാര് എന്നിവരുടെ താൽക്കാലികപാനൽ രൂപീകരിച്ച് തുടർപ്രവർത്തനങ്ങള് നടത്താനായി താൽപര്യപത്രവും പ്രൊപ്പോസലും (Expression of Interest & Proposal) ക്ഷണിക്കുന്നു.

സർക്കാർ പദ്ധതികളുടെ വിഷ്വലുകൾ (ഹെലികാം/ഡ്രോൺ ഉള്പ്പെടെ) വിഷയാധിഷ്ഠിതമായി (എ) വകുപ്പിന്റെ സ്ക്രിപ്റ്റ്/വിവരണം/ നിർദ്ദേശപ്രകാരം ഷൂട്ട് - എഡിറ്റ് ചെയ്തു വീഡിയോ നിർമ്മിക്കുക, (ബി) സ്വന്തമായി ആശയം /കണ്ടന്റ് തയ്യാറാക്കി ഷൂട്ട് -എഡിറ്റ് ചെയ്തു വീഡിയോ നിർമ്മിക്കുക, (സി) അംഗീകരിക്കപ്പെട്ടു നിര്ദ്ദേശിക്കപ്പെടുന്നവ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകള് വഴി പ്രചരിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. വിശദവിവരം ചുവടെ. വീഡിയോ നിർമ്മാണത്തിനും (Production) സോഷ്യൽ മീഡിയ പ്രചാരണത്തിനും (Dissemination/distribution through Social Media) വെവ്വേറെയും ഒന്നിച്ചും താൽപര്യപത്രവും പ്രൊപ്പോസലും സമര്പ്പിക്കാം. താൽപര്യപത്രവും പ്രൊപ്പോസലും വെവ്വേറെ ലഭ്യമാക്കണം.

## പ്രധാന നിബന്ധനകൾ / മാനദണ്ഡങ്ങൾ

### (I) വീഡിയോ നിർമ്മാണം

സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടെ നടത്തിയ വികസന- ക്ഷേമ പ്രവർത്തനങ്ങളുടെ 30, 60, 90 സെക്കൻഡുകള് വീതം ദൈർഘ്യമുള്ള വീഡിയോകളാണ് തയാറാക്കേണ്ടത്. ഇതിനാവശ്യമായ വിഷയവും അടിസ്ഥാനവിവരങ്ങളും ഐ&പിആർഡി (ഡിഐഒ) ലഭ്യമാക്കും. ആശയരൂപീകരണവും ഏകോപനവും ഐ & പിആർഡി നിർവഹിക്കും. ഷൂട്ട് ചെയ്ത ദൃശ്യങ്ങള് എഡിറ്റ് ചെയ്ത്, കോപ്പി റൈറ്റ് പ്രശ്നമില്ലാത്ത (Copyleft), പുതുമ

(....2)

യുള്ള പശ്ചാത്തലസംഗീതവും (BGM - മേൽവീഡിയോകൾക്ക് വേണ്ടിയുള്ള തനത് സൃഷ്ടികൾക്ക് മുൻഗണന) വോയ്സ് ഓവറും ആകർഷകമായ വാക്യങ്ങളും (Catch word/phrase) ടൈറ്റിലുകളും സബ്ടൈറ്റിലുകളും / കാപ്ഷനുകളും ചേർത്ത് ഫൈനൽ ഔട്ട്പുട്ടായി Full HD (1080 X 1920) - Bit rate - 100) നിലവാരത്തില് നൽകണം. വകുപ്പ് നൽകുന്ന സർക്കാർ ലോഗോയും മറ്റ് പ്രധാന വിവരങ്ങളും ചേർക്കണം. ബൈറ്റുകള് ഷൂട്ട് ചെയ്യുമ്പോള് ലേപ്പല് മൈക്ക് ഉപയോഗിക്കണം. നോയ്സ് ഒഴിവാക്കണം. ഡ്രോൺ വിഷ്വലുകള് ആവശ്യപ്പെടുന്ന വീഡിയോയ്ക്ക് അവ ചെയ്ത് നൽകണം. ബാക്ക് ഗ്രൗണ്ട് സ്കോറായി തനത് സംഗീതം ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദവിവരവും നിരക്കും ഡ്രോൺ ഷൂട്ടിന് ഒരു മണിക്കൂറിനുള്ള നിരക്കും പ്രൊപ്പോസലിൽ പ്രത്യേകം വ്യക്തമാക്കണം.

മറ്റു നിബന്ധനകൾ കൂടി കാണുക.

## (II) വ്ലോഗർമാരും മറ്റും

സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടെ നടത്തിയ വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയാധിഷ്ഠിതമായ ആശയം രൂപീകരിച്ചു കണ്ടന്റ് വികസിപ്പിച്ച്, മികച്ച വീഡിയോ തയ്യാറാക്കി തങ്ങളുടെ സോഷ്യല് മീഡിയ ഹാൻഡിൽ/പ്ലാറ്റ്ഫോം (പേജ്/അക്കൗണ്ട് etc) വഴി പ്രചരിപ്പിക്കുകയാണ് കരാറിൽ ഏർപ്പെടുന്ന /വർക്ക് ഓർഡർ ലഭിക്കുന്ന വ്ലോഗർമാരും മറ്റും (Vloggers & Influencers) ചെയ്യേണ്ടത്.

കുറഞ്ഞത് 50,000 (50K) ഫോളോവേഴ്സ് ഉള്ള വ്ളോഗര്മാർക്കും സമാന പ്രവർത്തനം നടത്തുന്നവർക്കുമാണ് അവസരം. തയാറാക്കുന്ന കണ്ടന്റുകള് നിർദ്ദിഷ്ട കാഴ്ച്ചക്കാരെ നേടണം. ഇതിനുള്ള തുകയാണ് പ്രൊപ്പോസലിൽ രേഖപ്പെടുത്തേണ്ടത്. (പ്രൊപ്പോസലിന്റെ മാതൃകയിലെ ക്രമനമ്പർ 17 കാണുക) അപേക്ഷകന്റെ ഏതെങ്കിലും മൂന്നു (പരമാവധി) സോഷ്യല് മീഡിയ പ്ലാറ്റ്ഫോമുകളില് ഓരോന്നിനും വേണ്ടി പ്രൊപ്പോസൽ നൽകാം. ഒരെണ്ണം മാത്രമായും നൽകാം. ഓരോ പ്ലാറ്റ്ഫോമിനും അനുയോജ്യമായ വീഡിയോ ഫോർമാറ്റ് (പോർട്രെയ്റ്റ്/ ലാന്ഡ്സ്കേപ്പ് തുടങ്ങിയവ) സ്വന്തം നിലയില് തയാറാക്കണം.

പ്രാഥമികമായി മൂന്നു പ്ലാറ്റ്ഫോമുകളിലും കൂടി ചേര്ത്ത് ആകെ 15K വ്യൂസ് നേടിയാൽ പ്രചാരണത്തിന്റെ കുറഞ്ഞ പ്രതിഫലം (Minimum Payment) ലഭിക്കും. ഈ തുകയും പ്രത്യേകം രേഖപ്പെടുത്തണം. 2026 ഫെബ്രുവരി 11 മുതല് 25 വരെയുള്ള 15 ദിവസത്തേക്കാണ് ക്യാമ്പയിൻ നടക്കുന്നത്. വ്ലോഗർമാരും മറ്റും തയാറാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കണ്ടന്റുകള് (Videos) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവില് വരുന്ന തീയതിയിൽ സോഷ്യല് മീഡിയ പ്ലാറ്റ്ഫോമുകളിൽ /ഹാന്ഡിലുകളില് നിന്ന് നീക്കം ചെയ്യേണ്ടതാണ്. ഇതിനു പ്രത്യേക അറിയിപ്പ് നൽകുന്നതല്ല. തുടർന്നും അവ പ്ലാറ്റ്ഫോമിൽ നിലനിർത്തിയാൽ അതിന്റെ ഉത്തരവാദിത്വം കരാർ എടുത്ത/ വർക്ക് ഓർഡർ ലഭിച്ച വ്യക്തിക്ക് /സ്ഥാപനത്തിന് മാത്രമായിരിക്കും. പിന്നീട് ഇത്തരം കണ്ടന്റുകള് നിർമിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്താൽ ഇൻഫർമേഷൻ -പബ്ലിക് റിലേഷന്സ് വകുപ്പോ വകുപ്പിലെ ഉദ്യോഗസ്ഥരോ ഉത്തരവാദി ആയിരിക്കില്ല.

താത്കാലിക പാനലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ കാംപയിന് കാലയളവിൽ നിയമവിരുദ്ധമോ സമൂഹത്തില് സ്പർദ്ധ വളര്ത്തുന്നതോ വ്യക്തി

(....3)

Prasad 31/1/26

കളെ അവഹേളിക്കുന്നതോ സര്‍ക്കാരിന്റെ നയങ്ങളെയും പ്രവര്‍ത്തനങ്ങളെയും വിമര്‍ശിക്കുന്നതോ ആയ കണ്ടന്റുകള്‍ പ്രചരിപ്പിക്കാന്‍ പാടില്ല. ഇത്തരത്തിലുള്ള പ്രചാരണ രീതികള്‍ കണ്ടെത്തിയാല്‍ പാനലില്‍ നിന്ന് നീക്കം ചെയ്യുന്നതാണ്. കരാര്‍/വര്‍ക്ക് ഓര്‍ഡറും റദ്ദാക്കും. അപ്രകാരമുള്ളവര്‍ക്ക് യാതൊരു പ്രതിഫലത്തിനും അര്‍ഹത ഉണ്ടായിരിക്കില്ല.

മറ്റു നിബന്ധനകള്‍ കൂടി കാണുക.

## (III) സോഷ്യല്‍ മീഡിയ പ്രചാരണം

ഡിജിറ്റല്‍ മാര്‍ക്കറ്റിംഗ് ഏജന്‍സികള്‍, ഡിജിറ്റല്‍ മീഡിയ ഏജന്‍സികള്‍/സ്ഥാപനങ്ങള്‍/കമ്പനികള്‍, വിഡീയോ പ്രൊഡക്ഷന്‍ സ്ഥാപനങ്ങള്‍, സ്റ്റുഡിയോകള്‍, വീഡിയോ ഗ്രാഫര്‍മാര്‍ എന്നിവ ഐ & പിആര്‍ഡി (ഡി ഐ ഒ) നല്‍കുന്ന കണ്ടന്റുകളും ഏജന്‍സികള്‍ തയാറാക്കി നല്‍കുന്ന കണ്ടന്റുകളും ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസിന്റെ സോഷ്യല്‍ മീഡിയ ഹാന്‍ഡില്‍/പ്ലാറ്റ്ഫോ മുകളില്‍ (Social Media Page/Account/Channel etc) പ്രചരിപ്പിക്കുന്നതിനുള്ള തുക (പ്രൊപ്പോസലിന്റെ മാതൃകയിലെ ക്രമനമ്പര്‍ 18 കാണുക) രേഖപ്പെടുത്തണം.

മറ്റു നിബന്ധനകള്‍ കൂടി കാണുക.

## (IV) പ്രൊപ്പോസലിന്റെ മാതൃക

(താത്പര്യപത്രം വേറെ ചേര്‍ക്കണം)

1) അപേക്ഷകന്റെ/ഉടമയുടെ പേര് :

2) സ്ഥാപനത്തിന്റെ പേര് :

3) പ്രചരണം നടത്തുന്ന സോഷ്യല്‍ മീഡിയ പ്ലാറ്റ്ഫോമിന്‍റെ പേര് : 1)
2)
3)

4) അപേക്ഷകന്റെ/ഉടമയുടെ പൂര്‍ണമായ വിലാസം :

5) സ്ഥാപനത്തിന്റെ പൂര്‍ണമായ വിലാസം :

6) അപേക്ഷകന്റെ/ഉടമയുടെ ഫോണ്‍ നമ്പര്‍ :

7) സ്ഥാപനത്തിന്റെ ഫോണ്‍ നമ്പര്‍ :

(....4)

8) അപേക്ഷകന്റെ/ഉടമയുടെ
ഇ-മെയില് :

9) സ്ഥാപനത്തിന്റെ ഇ-മെയില് :

10) പ്രവൃത്തി പരിചയം
(മുൻപ് ചെയ്തിട്ടുള്ള വർക്കു
കളുടെ വിശദാംശങ്ങള് -
ലിങ്ക് ഉൾപ്പടെ. അധികവിവരങ്ങൾ
വെള്ളക്കടലാസിൽ രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.) :

11) സാങ്കേതിക വിശദാംശങ്ങൾ:
(ക്യാമറയുടെ സ്പെസിഫിക്കേഷന്
ഉൾപ്പെടെ. അധികവിവരങ്ങൾ
വെള്ളക്കടലാസിൽ രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.)
:

12) ഓഡിയോ ഉപകരണങ്ങളുടെ
വിശദാംശങ്ങൾ- (ലേപ്പൽ മൈക്ക്,
മൈക്ക് സ്പെസിഫിക്കേഷന്. അധികവിവരങ്ങൾ വെള്ളക്കടലാസിൽ
രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.) :

13) ഉപയോഗിക്കുന്ന
എഡിറ്റ് സ്യൂട്ടിന്റെ വിശദാംശങ്ങള് :
(അധികവിവരങ്ങൾ വെള്ളക്കടലാസിൽ രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.)

14) 30 സെക്കൻഡ് വീഡിയോ തയാറാക്കുന്നതിനുള്ള നിരക്ക് :

15) 60 സെക്കൻഡ് വീഡിയോ തയാറാക്കുന്നതിനുള്ള നിരക്ക് :

16) 90 സെക്കൻഡ് വീഡിയോ തയാറാക്കുന്നതിനുള്ള നിരക്ക് :

17) (വ്ലോഗർമാർക്കും മറ്റും) പ്രചാരണം തുടങ്ങിയവയുടെ അധികവിവരങ്ങൾ ചുവടെ ഐറ്റം (V) ൽ പരാമർശിക്കുന്നത് പ്രകാരം വെള്ളക്കടലാസിൽ രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.

18) (ഡിജിറ്റൽ മാർക്കറ്റിംഗ് ഏജൻസികൾക്കും മറ്റും) പ്രചാരണം തുടങ്ങിയവയുടെ അധികവിവരങ്ങൾ ചുവടെ ഐറ്റം (VI) ൽ പരാമർശിക്കുന്നത് പ്രകാരം വെള്ളക്കടലാസിൽ രേഖപ്പെടുത്തി ചേർക്കാവുന്നതാണ്.

19) തനത് സംഗീതം - നിരക്ക് :

20) ഡ്രോൺ - നിരക്ക് :

സ്ഥലം:
തീയതി:

ഒപ്പ് :
പേര്:

## (V) പ്രചാരണം : വ്ളോഗർമാരും മറ്റും പ്രൊപ്പോസലിൽ രേഖപ്പെടുത്തേണ്ട നിരക്കുകൾ:

ജില്ലാ ഇൻഫർമേഷൻ ഓഫീസർ നൽകുന്ന വിഷയം, അടിസ്ഥാനവിവരങ്ങൾ എന്നിവ ആസ്പദമാക്കി സ്വന്തമായി ആശയം സൃഷ്ടിച്ചു ഷൂട്ട് ചെയ്തു കണ്ടന്റ് /വീഡിയോ തയ്യാറാക്കണം. വ്ലോഗർമാരും മറ്റും സ്വന്തം പ്ലാറ്റ്ഫോമിലൂടെ കണ്ടന്റുകൾ (Videos) പ്രചരിപ്പിക്കണം. വീഡിയോയുടെ ദൈർഘ്യം, ഗുണ നിലവാരം എന്നിവ മേൽപ്പറഞ്ഞതു പ്രകാരം.

നിശ്ചിത പ്രതിഫലം നൽകുന്നതിന്, മേൽപ്പറഞ്ഞ ഓരോന്നിലും വീഡിയോ യുടെ ദൈർഘ്യം അനുസരിച്ചുള്ള വാച്ച് ടൈം (Watch time) വാച്ച് ഉണ്ടായിരിക്കണം. ഉദാ: 30 സെക്കന്റ് വീഡിയോയ്ക്ക് മൂന്നു ദിവസത്തിനകം പ്രധാനപ്പെട്ട രണ്ടോ മൂന്നോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഓരോന്നിലും 20K views വീതം നേടുമ്പോൾ ഓരോ പ്ലാറ്റ്ഫോമിലും ആകെ 6,00,000 സെക്കന്റ് (10,000 മിനിറ്റ്സ്) വാച്ച് ടൈം ഉണ്ടായിരിക്കണം. വാച്ച് ടൈം കുറവാണെങ്കിൽ പ്രതിഫലത്തുക കുറയ്ക്കും.

പ്രചരിപ്പിക്കുന്ന ഓരോ വീഡിയോയ്ക്കും ഈ നോട്ടീസിൽ നിഷ്കർഷിച്ച ഏറ്റവും കുറഞ്ഞ കാഴ്ചക്കാരെ (Minimum Views) ലഭിച്ചില്ലെങ്കിൽ പ്രചാരണത്തിന് പ്രതിഫലം നൽകില്ല; വീഡിയോ നിർമ്മിച്ചതിന്റെ പ്രതിഫലം മാത്രമേ നൽകൂ.

17 A) ഫൈനൽ വീഡിയോ റിലീസ് ചെയ്തു മൂന്നു ദിവസത്തിനകം പ്രധാനപ്പെട്ട രണ്ടോ മൂന്നോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലായി കുറഞ്ഞത് 15,000 കാഴ്ചക്കാരെ (15K views) **ആകെ** നേടുന്നതിനുള്ള നിരക്ക് (ഏറ്റവും കുറഞ്ഞ കാഴ്ചക്കാർ (Minimum views):

17 B) ഫൈനൽ വീഡിയോ റിലീസ് ചെയ്തു മൂന്നു ദിവസത്തിനകം പ്രധാനപ്പെട്ട രണ്ടോ മൂന്നോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ **ഓരോന്നിലും** കുറഞ്ഞത് 20,000 കാഴ്ചക്കാരെ (20K views) വീതം നേടുന്നതിനുള്ള നിരക്ക്:

17 C) ഫൈനൽ വീഡിയോ റിലീസ് ചെയ്ത് ഏഴു ദിവസത്തിനകം പ്രധാനപ്പെട്ട രണ്ടോ മൂന്നോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഓരോന്നിലും കുറഞ്ഞത് 50,000 കാഴ്ചക്കാരെ (50K views) നേടുന്നതിനുള്ള നിരക്ക്:

17 D) ഫൈനൽ വീഡിയോ റിലീസ് ചെയ്ത് 15 ദിവസത്തിനകം പ്രധാനപ്പെട്ട രണ്ടോ മൂന്നോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഓരോന്നിലും കുറഞ്ഞത് ഒരു ലക്ഷം കാഴ്ചക്കാരെ (100K views) നേടുന്നതിനുള്ള നിരക്ക്:

## (VI) പ്രചാരണം : ഡിജിറ്റൽ മാർക്കറ്റിംഗ് ഏജൻസികളും മറ്റും പ്രൊപ്പോസലിൽ രേഖപ്പെടുത്തേണ്ട നിരക്കുകൾ:

ഐ & പിആർഡി തയാറാക്കി നൽകുന്ന ക്രിയേറ്റീവുകള് നിശ്ചിത എണ്ണം കാഴ്ച്ചക്കാരിലേക്ക് (Viewers) എത്തിക്കുന്നതിനുള്ള നിരക്ക് വിശദമായി രേഖപ്പെടുത്തണം. ലൊക്കേഷൻ, ജെൻഡര് സ്പെസിഫിക് ആയ വിശദാംശങ്ങള് നൽകണം.

(....6)

Read
RMD 31/1/26

എത്ര ദിവസത്തേക്കാണ് പ്രചാരണം എന്നത് കരാറിൽ /വർക്ക് ഓർഡറിൽ അറിയിക്കും.

താഴെ പറയുന്ന ഓരോന്നിലും വീഡിയോയുടെ ദൈർഘ്യം അനുസരിച്ചുള്ള വാച്ച് ടൈം (Watch time) ഉണ്ടായിരിക്കണം. (ഉദാ: 30 സെക്കന്റ് വീഡിയോയ്ക്ക് 1K views നേടുമ്പോൾ ഓരോ പ്ലാറ്റ്ഫോമിലും 30,000 സെക്കന്റ് (500 മിനിറ്റ്സ്) വാച്ച് ടൈം ഉണ്ടായിരിക്കണം.) വാച്ച് ടൈം കുറവാണെങ്കിൽ പ്രതിഫലത്തുക കുറയ്ക്കും.

18 A) ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ഓരോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും വീഡിയോ റിലീസ് ചെയ്ത് 24 മണിക്കൂറിനകം 1,000 പേരിലും 3,000 പേരിലും 5,000 പേരിലും (യഥാക്രമം 1K, 3K, 5K views) എത്തിക്കുന്നതിനുള്ള നിരക്കുകൾ.

18 B) ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ഓരോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും റിലീസ് ചെയ്ത് 48 മണിക്കൂറിനകം (രണ്ടു ദിവസത്തിനകം) 10,000 പേരിൽ (10K views) എത്തി ക്കു ന്നതിനുള്ള നിരക്കുകൾ.

18 C) ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ഓരോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും റിലീസ് ചെയ്ത് 72 മണിക്കൂറിനകം (മൂന്നു ദിവസത്തിനകം) കുറഞ്ഞത് 20,000 കാഴ്ചക്കാരെ (20K views) നേടുന്നതിനുള്ള നിരക്ക്:

18 D) ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ഓരോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും റിലീസ് ചെയ്ത് 96 മണിക്കൂറിനകം (നാലു ദിവസത്തിനകം) കുറഞ്ഞത് 30,000 കാഴ്ചക്കാരെ (30K views) നേടുന്നതിനുള്ള നിരക്ക്:

## (VII) പൊതുവായ മറ്റു നിബന്ധനകൾ

താൽപര്യപത്രവും പ്രൊപ്പോസലും വെവ്വേറെ ലഭ്യമാക്കണം.

താത്കാലിക പാനലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവര് ഏതെങ്കിലും വിധത്തിലുള്ള നിയമവിരുദ്ധ/സമൂഹത്തിൽ സ്പർദ്ധ വളർത്തുന്ന /വ്യക്തികളെയോ സ്ഥാപനങ്ങളെയോ സംഘടനകളെയോ അവഹേളിക്കുന്ന പ്രവര്ത്തനങ്ങളിലേര്പ്പെടുകയോ സംസ്ഥാന സര്ക്കാരിന്റെ നയങ്ങള്ക്ക് വിരുദ്ധമായ രീതിയില് പ്രചാരണം നടത്തുകയോ ചെയ്യുന്നതായി ശ്രദ്ധയില്പ്പെട്ടാല് ഉടനടി പാനലില് നിന്നു നീക്കം ചെയ്യുന്നതാണ്. ഇതിന് മുന്കൂര് അറിയിപ്പ് നല്കില്ല. ഏതു സമയത്തും ഇത്തരം പ്രവൃത്തി ചെയ്യുന്നവരുടെ ഓർഡർ റദ്ദാക്കുന്നതിനുള്ള അധികാരം ഇടുക്കി ജില്ലാ ഇന്ഫര്മേഷന് ഓഫീസറില് നിക്ഷിപ്തമായിരിക്കും.

ഉള്ളടക്കം ചെയ്ത ഇന/വിശദവിവരത്തിലുള്ളവ സജ്ജമാക്കുന്നതിനുള്ള എല്ലാ ചെലവുകളും എല്ലാ നികുതികളും അടക്കമുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. നിയമാനുസൃത ആദായനികുതി കിഴിവു ചെയ്യുന്നതാണ്. ജോലി ഏറ്റെടുക്കുന്നസ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാന് കാർഡ് നിർബന്ധമാണ്. ജി.എസ്.ടി. ബാധകമല്ലാത്തവര് സാക്ഷ്യപത്രം നല്കണം.

(....7)

RDD 31/1/26

കരാര്/വര്ക്ക് ഓര്ഡര് പ്രകാരമുള്ള പ്രവര്ത്തനം പൂര്ത്തിയായ ശേഷം, ജോലി ഏറ്റെടുക്കുന്ന സ്ഥാപനം/വ്യക്തിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ബില് തുക മാറി നല്കുക. കരാർ /വർക്ക് ഓർഡർ അംഗീകരിക്കാനും നിരസിക്കാനും ഈ നോട്ടീസിലെ/കരാറിലെ/വര്ക്ക് ഓര്ഡകറിലെ നിര്ദ്ദേശങ്ങള് അനുസരിക്കാത്ത പക്ഷം ജോലി ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനത്തിനെതിരേ നിയമനടപടി സ്വീകരിക്കാനുള്ള എല്ലാവിധ അധികാരവും അവകാശവും ജില്ലാ ഇന്ഫര്മേഷന് ഓഫീസറില് നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട് തര്ക്കം, കോടതി വ്യവഹാരങ്ങളുണ്ടായാല് ഇടുക്കി ജില്ലയായിരിക്കും അധികാരപരിധി.

2026 ഫെബ്രുവരി 11 മുതല് 25 വരെയുള്ള 15 ദിവസത്തേക്കാണ് (പരമാവധി) ക്യാമ്പയിൻ നടക്കുന്നത്. താൽക്കാലിക പാനലിന്റെയും കരാറിന്റെ / വർക്ക് ഓർഡറിന്റെയും കാലാവധി 2026 ഫെബ്രുവരി 25 വരെയാണ്. വകുപ്പിന് ആവശ്യമായി വന്നാൽ മാത്രം, മറ്റു നിയമ /ചട്ട തടസ്സം ഇല്ലെങ്കിൽ കാലാവധി നീട്ടും.

താൽപര്യപത്രവും പ്രൊപ്പോസലും നൽകുന്നവരുടെ പ്രസൻ്റേഷൻ്റെയും നിരക്ക് സംബന്ധിച്ച നെഗോസിയേഷൻ്റെയും അടിസ്ഥാനത്തിലാണ് താൽക്കാലികപാനലിലേക്ക് സ്ഥാപനങ്ങളെ/വ്യക്തികളെ തിരഞ്ഞെടുക്കുക. പ്രസ്തുത പാനലിൽ ഉള്ളവരെ മാത്രമാണ് കരാറിനു /വർക്ക് ഓർഡറിന് പരിഗണിക്കുക. ഓരോ വീഡിയോയ്ക്കും പ്രത്യേകം പ്രത്യേകം വർക്ക് ഓർഡറായിരിക്കും. പാനലിൽ ഉൾപ്പെട്ടു എന്നത് കരാർ ഒപ്പിടുന്നതിന് /വർക്ക് ഓർഡർ ലഭിക്കാനുള്ള അവകാശമല്ല.

കരാർ /വർക്ക് ഓർഡർ പ്രകാരമുള്ള പ്രവർത്തനം (വീഡിയോ നിർമാണം/ പ്രചാരണം/ഇവ രണ്ടും) പൂർത്തിയാക്കിയതിനു ശേഷം മാത്രമേ പ്രതിഫലം അനുവദിക്കുകയുള്ളൂ. അഡ്വാൻസ് തുക നൽകില്ല. ഈ നോട്ടീസോ തുടർപ്രവർത്തനങ്ങളോ ഏതു ഘട്ടത്തിലും ഭാഗികമായോ പൂർണമായോ റദ്ദാക്കാനുള്ള /അവസാനിപ്പിക്കാനുള്ള അവകാശം ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. താത്പര്യപത്രം /പ്രൊപ്പോസൽ /കരാർ /വർക്ക് ഓർഡർ സംബന്ധിച്ച അന്തിമതീരുമാനം ഇടുക്കി ജില്ലാ ഇന്ഫര്മേഷന് ഓഫീസറില് നിക്ഷിപ്തമായിരിക്കും. കാംപയിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായി വന്നാൽ മറ്റു നിബന്ധനകൾ കരാറിൽ/വർക്ക് ഓർഡറിൽ രേഖപ്പെടുത്തും.

താല്പര്യപത്രങ്ങളും പ്രൊപ്പോസലുകളും 2026 ഫെബ്രുവരി 10-ന് ഉച്ചകഴിഞ്ഞ് 1.00 വരെ സ്വീകരിക്കും. അന്ന് 3.00 മണിക്ക് ഹാജരുള്ള അപേക്ഷകരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കും.

കോട്ടയം-2
മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ഐ. & പി.ആർ.ഡി.

31/1/2026

പ്രമോദ് കുമാർ കെ.ആർ.
ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇൻ ചാർജ്
& മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പകർപ്പ്:
1) നോട്ടീസ് ബോർഡ്
2) ഡെപ്യൂട്ടി ഡയറക്ടർ - മീഡിയ റിലേഷൻസ്, ഐ & പി ആർ ഡി, തിരുവനന്തപുരം (പ്രസ് റിലീസ്, വെബ് റിലീസ് എന്നിവയ്ക്ക്)
3) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഐ & പി ആർ ഡി, കോട്ടയം
4) കരുതൽ ഫയൽ 5) ഓഫീസ് കോപ്പി